**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **07-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പുതിയങ്ങാടി-മാളിക്കടവ് റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് പുതിയങ്ങാടി-മാളിക്കടവ് റോഡ് വികസനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പുതിയങ്ങാടി - മാവിളിക്കടവ് - കൃഷ്ണൻനായർ റോഡ് പ്രവൃത്തിക്ക് 01.11.2016-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 07.12.2018-ൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 106.92 കോടി രൂപ ഉൾപ്പെടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു. റോഡിന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ സാമൂഹ്യാഘാത പഠനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ് ഇനത്തിൽ 3,00,240/- രൂപ കിഫ്ബിയിൽ നിന്നും 28.03.2022-ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനു വേണ്ട നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ സാങ്കേതികാനുമതി നൽകിയതിനു ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ